"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്-സ്റ്റേറ്റ് ഫോഡർ ഫാമിൽ നിന്നും മത്സ്യഫെഡിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട ജീവനക്കാർക്കുവേണ്ടി മത്സ്യഫെഡിൽ 4 കാഷ്വൽ ലേബറർ തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(കൈ) നം.11/2024/F&P തീയതി,തിരുവനന്തപുരം, 12-06-2024

---

പരാമർശം:-

1 സ.ഉ. (എം.എസ്) നം 138/16/റവന്യൂ തീയതി18/02/2016

2 സ.ഉ.(സാധാ) നം.314/17/മ.തു.വ തീയതി 08.04.2017.

3 OA.NO.2449/2018 നമ്പർ കേസ് ലെ 17/08/2022 ലെ വിധിന്യായം

**ഉത്തരവ്**

ക്ഷീരവികസനവകുപ്പിന്റെ കീഴിലുള്ള State fodder farm ന്റെ തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ സർവ്വെ നമ്പർ 2610-ൽ പ്പെട്ട 3.5 ഏക്കർ സ്ഥലം മത്സ്യത്തൊഴിലാളി കുടംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പിന് പരാമർശം (1) പ്രകാരം കൈമാറിയിരുന്നു. ഫിഷറീസ് വകുപ്പിന് സ്ഥലം കൈമാറിയതു പ്രകാരം ഒരു ഏക്കറിൽ ഏകദേശം 2 തൊഴിലാളികൾ വരെ ജോലി ചെയ്യുന്നു എന്ന് കണക്കാക്കി ഏറ്റെടുത്ത 3.5 ഏക്കർ സ്ഥലത്തിന് പകരമായി 6 കാഷ്വൽ തൊഴിലാളികളെ പുനർ വിന്യസിക്കേണ്ടതാണ് എന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സ്റ്റേറ്റ് ഫോഡർ ഫാമിലെ 6 കാഷ്വൽ തൊഴിലാളികളെ മത്സ്യഫെഡ് മുട്ടത്തറ നെറ്റ് ഫാക്ടറിയിൽ കാഷ്വൽ തൊഴിലാളികളായി പുനർ വിന്യസിച്ചിരുന്നു. മത്സ്യഫെഡ് -ന്റെ സ്പെഷ്യൽ റൂളിൽ കാഷ്വൽ ലേബറർ തസ്തിക ഇല്ലാത്ത കാരണത്താൽ മത്സ്യഫെഡ് കേന്ദ്ര ഓഫീസിൽ ജോലിയിൽ പ്രവേശിച്ച ഇവരെ അവിദഗ്ധ തൊഴിലാളികളായി (പീസ് റേറ്റ് വ്യവസ്ഥയിൽ) നിയോഗിക്കുന്നതിനുള്ള നിർദ്ദേശം മുട്ടത്തറ നെറ്റ് ഫാക്ടറി മാനേജർക്ക് നൽകുകയും അപ്രകാരം ടി ജീവനക്കാർ നെറ്റ് ഫാക്ടറിയിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. ഇപ്രകാരം നിയമിക്കപ്പെട്ടവരിൽ രണ്ടുപേർ വിവിധ കാരണങ്ങളാൽ ജോലിയിൽ നിന്നും വിട്ടുതൽ ചെയ്തിട്ടുള്ളതാണ് . സ്റ്റേറ്റ് ഫോഡർ ഫാമിൽ ലഭിച്ചു കൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടെ കാഷ്വൽ തൊഴിലാളികളായി നിയമിക്കുകയെന്ന ആവശ്യം ഉന്നയിച്ച് ടി ജീവനക്കാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ O.A.No.2449/2018 ആയി കേസ് ഫയൽ ചെയ്യുകയുണ്ടായി. ആയതിൽ, പരാമർശം (2) ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് പുനർ പരിശോധന നടത്തി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ് എന്ന ട്രൈബ്യൂണൽ വിധിയുണ്ടായി .

ജീവനക്കാരുടെ പൂർണ്ണ സമ്മതം കൂടാതെയാണ് ഇവരെ പുനർ വിന്യസിച്ചിട്ടുള്ളത് എന്നും ഫിഷറീസ് വകുപ്പിൽ ഏറ്റെടുത്ത ശേഷമാണ് ഇവരെ മത്സ്യഫെഡിന് കൈമാറിയിട്ടുള്ളത് എന്നും, എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചപ്പോഴാണ് അവിടെ നൽകുന്ന ആനുകൂല്യം മാത്രമേ

അനുവദിക്കാൻ സാധിക്കൂ എന്നറിയിച്ചതെന്നും ദിവസവേതനമല്ലാതെ മറ്റു ആനുകൂല്യം ഒന്നും നാളിതുവരെ അനുവദിച്ചിട്ടില്ല എന്നും ആയതിനാൽ ക്ഷീര വികസന വകുപ്പിൽ കാഷ്വൽ തൊഴിലാളിയായി ജോലി നോക്കിയിരുന്നെങ്കിൽ കിട്ടുമായിരുന്ന ശമ്പളവും, അലവൻസുകളും, അവധി തുടങ്ങിയ മറ്റു ആനുകൂല്യവും അനുവദിച്ചു നൽകണം എന്നും അഭ്യർത്ഥിച്ചു പ്രസ്തുത തൊഴിലാളികൾ സർക്കാരിനെയും സമീപിക്കുകയുണ്ടായി.

മത്സ്യഫെഡിന്റെ സ്പെഷ്യൽ റൂൾസിൽ കാഷ്വൽ വർക്കർ എന്ന തസ്തിക ഇല്ലായെന്നും നെറ്റ് ഫാക്ടറിയിലേക്ക് തസ്തിക സൃഷ്ടിക്കുന്നതിനായി മത്സ്യഫെഡിൽ നിന്നും സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ അവിദഗ്ദ്ധ തൊഴിലാളികളെ പീസ് റേറ്റിൽ നിയമിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുള്ളതിനാൽ പുനർവിന്യസിക്കപ്പെട്ട 6 കാഷ്വൽ തൊഴിലാളികളെ അവിദഗ്ദ്ധ തൊഴിലാളികളായി പീസ് റേറ്റിൽ മാത്രമേ നിയമിക്കാനാകൂ എന്നതിനാൽ സർക്കാർ നിർ ദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാർക്ക് 09.07.2019 ലെ ജി.ഒ.(പി)നം. 81/2019/ഫിൻ പ്രകാരം ദിവസവേതന നിരക്ക് 650/-രൂപ നിശ്ചയിച്ച് 01.07.2019 പ്രാബല്യത്തിലും, 11.02.2021 ലെ സ.ഉ.(പി)നം.29/2021/ധന പ്രകാരം ദിവസ വേതന നിരക്ക് 675/- രൂപ നിശ്ചയിച്ച് 01.02.2021 പ്രാബല്യത്തിലും അനുവദിച്ചു വരുന്നു. കൂടാതെ ഉത്പന്ന ഇൻസെന്റീവായി വർക്കർമാരുടെ 15% ൽ നിന്നും ആനുപാതിക വിഹിതവും നെറ്റ് ഫാക്ടറിയിൽ ജോലി നോക്കുന്നവർക്ക് വല വിൽപ്പനയുടെ അടിസ്ഥാനത്തിൽ ഇൻസെന്റീവും നൽകുന്നുണ്ട് എന്നും EPF വിഹിതമായി 12% ഉം ESI വിഹിതമായി 0.75% വും നൽകി വരുന്നതായും മത്സ്യഫെഡ് റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ടി തൊഴിലാളികളെ ഫിഷറീസ് വകുപ്പിൽ കാഷ്വൽ ലേബറർ തസ്തികയിൽ നിയമിക്കാൻ കഴിയുമോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി എന്നാൽ വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരുള്ളതിനാൽ ദിവസ വേതനാടിസ്ഥാനത്തിലോ കാഷ്വൽ ലേബറർ ആയോ ഈ ജീവനക്കാരെ നിയമിക്കുവാൻ സാധ്യമല്ലെന്ന് ഫിഷറീസ് ഡയറക്ടറും അറിയിച്ചിരുന്നു. എന്നാൽ സ്ഥലം കൈമാറ്റം കാരണം State Fodder Farm ലെ ജോലി നഷ്ടമായ തൊഴിലാളികളെ ഫിഷറീസ് വകുപ്പിലെ മത്സ്യഫെഡ് -ൽ നിയമന നൽകിയപ്പോൾ ഉചിതമായ ആനുകൂല്യങ്ങളും നല്കേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സ്റ്റേറ്റ് ഫോഡർ ഫാമിൽ നിന്നും ഫിഷറീസ് വകുപ്പിൻ കീഴിലുള്ള മത്സ്യഫെഡിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ടതും നിലവിൽ മത്സ്യഫെഡിൽ സേവനമനുഷ്ഠിക്കുന്നതുമായ 4 ജീവനക്കാർക്കുവേണ്ടി മത്സ്യഫെഡിൽ 4 കാഷ്വൽ ലേബറർ തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ചും ടി. ജീവനക്കാർക്ക് സ്റ്റേറ്റ് ഫോഡർ ഫാമിൽ ലഭിച്ചുകൊണ്ടിരുന്ന other allowances ഒഴികെയുള്ള ആനുകൂല്യങ്ങൾ മത്സ്യഫെഡിൽ സേവനത്തിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ അനുവദിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

മേൽ പ്രകാരം പരാമർശം (3) ട്രൈബ്യൂണൽ ഉത്തരവ് പാലിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

മാനേജിങ് ഡയറക്ടർ ,മത്സ്യഫെഡ്

പൊതുഭരണ (എസ്.സി) വകുപ്പിന്.( ഇനം നം 2146 തീയതി 17/04/2024 പ്രകാരം )

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഫിഷറീസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ